(ബി) 44 ദിവസം ജയിലിൽ കഴിഞ്ഞു. 198 ദിവസം നാട്ടിൽ പ്രവേശനം തടഞ്ഞിട്ടുണ്ട്.

(സി) 25-5-2012-ൽ ഇടുക്കി ജില്ലയിലെ തൊടുപുഴ മണക്കാട് വച്ച് എം. എം. മണി നടത്തിയ പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 28-5-2012 തീയതി തൊടുപുഴ പോലീസ് സ്റ്റേഷൻ ക്രൈം 1196/12u/s302r/w 109,118,116,505(1)(b) and Sec.117/(E) of KP Act പ്രകാരം തൊടുപുഴ പോലീസ് ഇൻസ്പെക്ടർ ആയിരുന്ന സജി മാർക്കോസ് ആണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഈ കേസിന്റെ അന്വേഷണത്തിന് സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് അനുസരിച്ച് സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടുള്ളതും പോലീസ് സൂപ്രണ്ട് പി. പ്രകാശ് ഐ.പി.എസ്-ന്റെ നേതൃത്വത്തിൽ (1) ശ്രീ. ആന്റണി തോമസ്, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, തൊടുപുഴ (2) ശ്രീ. എ.യു.സുനിൽകുമാർ, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, ക്രൈം ഡിറ്റാച്ച്മെന്റ്, കോട്ടയം (3) ശ്രീ. എം.ജെ. മാത്യു, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, നർക്കോട്ടിക് സെൽ, കോട്ടയം എന്നിവരെ ടീമിൽ ഉൾപ്പെടുത്തിയിരുന്നു.

(ഡി) സി.പി.ഐ (എം) ഇടുക്കി ജില്ലാ സെക്രട്ടറി എം. എം. മണിയുടെ പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ബാലു വധക്കേസ് തുടരന്വേഷണം നടത്തുവാനുള്ള തീരുമാനം ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ച് 24-1-2014-ലെ ഉത്തരവ് പ്രകാരം തള്ളിക്കളഞ്ഞിട്ടുള്ളതാണ്. ഇതിനെതിരെ സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിച്ചുവെങ്കിലും 6-1-2015 തീയതിയിലെ Cr.Appeal No.9817/14 9818/14-ലെ വിധിയനുസരിച്ച് ബാലുവധക്കേസിൽ തുടരന്വേഷണാനുമതി നിഷേധിച്ച കേരള ഹൈക്കോടതി വിധി ശരിവച്ചുകൊണ്ട് അപ്പീൽ തള്ളുകയാണുണ്ടായത്.

(ഇ) ക്രൈം നമ്പർ 1181/2012 ശാന്തൻപാറ പോലീസ് സ്റ്റേഷൻ അഞ്ചേരി ബേബി വധക്കേസിലാണ് എം. എം. മണിയെ അസ്റ്റ് ചെയ്ത് ജയിലിൽ അടച്ചത്. ഇക്കാര്യത്തിൽ നിയമവിരുദ്ധമായി പോലീസ് ഉദ്യോഗസ്ഥർ പ്രവർത്തിച്ചതായി അറിവായിട്ടില്ല.

മണി ചെയിൻ, ചെക്ക്, വിസ തട്ടിപ്പ് കേസുകൾ

151 (156) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം മണി ചെയിനുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതേ കാലയളവിൽ സംസ്ഥാനത്ത് ചെക്ക് തട്ടിപ്പുമായും വിസാ തട്ടിപ്പുമായും ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ കേസുകളുമായി ബന്ധപ്പെട്ട് എത്ര പ്രതികൾ ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുണ്ടെന്നും എത്ര രൂപയുടെ തട്ടിപ്പ് നടന്നിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം മണി ചെയിനുമായി ബന്ധപ്പെട്ട് 1263 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതേ കാലയളവിൽ സംസ്ഥാനത്ത് ചെക്ക് തട്ടിപ്പുമായി ബന്ധപ്പെട്ട് 120 കേസുകളും, വിസാ തട്ടിപ്പുമായി ബന്ധപ്പെട്ട് 257 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഈ കേസുകളുമായി ബന്ധപ്പെട്ട് 1062 പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യുവാനുണ്ട്. വിവിധ കേസുകളിലായി 1,43,05,12,927 (നൂറ്റി നാൽപ്പത്തിമൂന്ന് കോടി അഞ്ച് ലക്ഷത്തി പന്ത്രണ്ടായിരത്തി തൊള്ളായിരത്തി ഇരുപത്തിയേഴ്) രൂപയുടെ തട്ടിപ്പ് സംബന്ധിച്ച് അന്വേഷണം നടത്തിവരുന്നു.

ശോഭ സിറ്റിയിലെ സെക്യൂരിറ്റി ജീവനക്കാരനായ ചന്ദ്രബോസിന്റെ കൊലപാതകം

152 (157) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ പുഴയ്ക്കൽ ശോഭ സിറ്റിയിലെ സെക്യൂരിറ്റി ജീവനക്കാരനായ ചന്ദ്രബോസിനെ കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ട കേസ്സിലെ പ്രതി മുഹമ്മദ് നിഷാമിനെതിരെ ഏതെല്ലാം വകുപ്പുകൾ ചേർത്താണ് പോലീസ് കേസ്സെടുത്തിട്ടുള്ളത്, പ്രസ്തുത കേസ്സിന്റെ എഫ്.ഐ.ആർ. പകർപ്പ് ലഭ്യമാക്കാമോ;

(ബി) മാരകമായി പരിക്കുപറ്റി ചികിത്സയിൽ കഴിഞ്ഞിരുന്ന ചന്ദ്രബോസിന്റെ മൊഴി പോലീസ് രേഖപ്പെടുത്തിയിട്ടുണ്ടോ ;

(സി) മരണത്തിനു മുൻപ് ചന്ദ്രബോസിന്റെ മൊഴി രേഖപ്പെടുത്തുന്നതിന് പൊലീസ് ബോധപൂർവ്വമായ വീഴ്ച വരുത്തി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ചന്ദ്രബോസിന്റെ മൊഴി രേഖപ്പെടുത്താതിരുന്നത് പ്രതിയ്ക്കെതിരെയുള്ള കേസ്സിനെ ദുർബലപ്പെടുത്തുമോ ; വ്യക്തമാക്കാമോ;

(ഇ) മൊഴി രേഖപ്പെടുത്താൻ വീഴ്ച വരുത്തിയ അന്വേഷണ ഉദ്യോഗസ്ഥനെതിരെ എന്തു നടപടി സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly